## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4236** **28-10-2021 - ൽ മറുപടിയ്ക്ക്**

## സിമന്റ് വില വർദ്ധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സിമന്റ് വിപണിയുടെ 95% വും ലഭ്യമാക്കുന്നത് സ്വകാര്യ ഉൽപ്പാദകരാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും റയിൽ/റോഡ് മാർഗ്ഗം സിമന്റ് എത്തിക്കേണ്ടിവരുന്നത് സിമന്റിന്റെ വില വർദ്ധനവിന് കാരണമാകുന്നുണ്ട്. സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ഉൽപ്പാദകരുടെയും വിതരണക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് പൊതു വിപണിയിലെ സിമന്റ് വില നിയന്ത്രിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സിമന്റ് വിപണിയുടെ 95% വും ലഭ്യമാക്കുന്നത് സ്വകാര്യ ഉൽപ്പാദകരാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും റയിൽ/റോഡ് മാർഗ്ഗം സിമന്റ് എത്തിക്കേണ്ടിവരുന്നത് സിമന്റിന്റെ വില വർദ്ധനവിന് കാരണമാകുന്നുണ്ട്. സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ഉൽപ്പാദകരുടെയും വിതരണക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് പൊതു വിപണിയിലെ സിമന്റ് വില നിയന്ത്രിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | സംസ്ഥാനത്ത് സിമന്റ് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള മലബാർ സിമന്റ്സിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രേ |

| | | | |
|---|---|---|---|
| | | | സിമന്റിന്റെ ഉത്പാദനം ആരംഭിക്കുന്നതിനും നിലവിൽ ഉൽപാദിപ്പിക്കുന്ന വൈറ്റ് സിമന്റ്, വാൾപുട്ടി എന്നിവയുടെ നിർമ്മാണം കൂട്ടുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിൽ മേൽ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ